(എച്ച്) കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ ഹിന്ദി (second language) ആയിട്ടോ (optional subject)ആയിട്ടോ, പഠിപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണം എന്ന അപേക്ഷിച്ചുകൊണ്ട് അവിടെനിന്ന വല്ല നിവേദനങ്ങളോ ഹർജികളോ എപ്പോഴെങ്കിലും ഗവർമ്മേണ്ടിനു സിദ്ധിച്ചിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ, ഗവർമ്മെണ്ട് അക്കാര്യത്തിൽ എന്തു പ്രവർത്തിച്ചു;

(ജെ) ഇന്ന എത്ര സ്കൂളുകളിൽ ഹിന്ദി (optional subject-)ം (second language)-ം ആയി പഠിപ്പിച്ചുവരുന്നുണ്ട്;

(കെ) അടുത്തകൊല്ലംമുതൽ കൂടുതൽ സ്കൂളുകളിൽ ഹിന്ദി പഠനം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

റാവുസാഹിബ് ഐ. എൻ. മേനോൻ: (എ) ഉവ്വ്.

(ബി) ഉവ്വ്. നേർപകർപ്പ് മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ഉവ്വ്. പ്രത്യേകം അന്വേഷിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) അവരുടെ സ്ഥിതി മഴവൻ സമയം ജോലി ചെയ്യുന്ന സാധാരണ അദ്ധ്യാപകന്മാരുടെ തരത്തിലല്ല.

(ജി) ഒരു ഗേൾസ് സ്കൂളിനുമാത്രമായി ഒരു ഹിന്ദി അദ്ധ്യാപകനില്ല. ഒരു ആൺകുട്ടികളുടേയും ഒരു പെൺകുട്ടികളുടേയും സ്കൂളുകൾക്കുകൂടി ഒരു അദ്ധ്യാപകൻ ഗ്രൂപ്പ് ആയിട്ടാണ് സാധാരണ പഠിപ്പിച്ചുവരുന്നത്. കൂടാതെ ഗേൾസ് സ്കൂളുകളിൽ സ്ത്രീ അദ്ധ്യാപകന്മാരെ നിയമിക്കണമെങ്കിൽ ഇപ്പോഴുള്ള അദ്ധ്യാപകന്മാക്ക് വേറെ പ്രവൃത്തി കൊടുക്കുവാനും ഒരു ഗേൾസ് സ്കൂളിൽത്തന്നെ ഒരു അദ്ധ്യാപികക്ക ഹിന്ദി പഠിപ്പിക്കുവാനുള്ള ആവശ്യവും ഉണ്ടായിരിക്കണം.

(എച്ച്) ഉവ്വ്.

(ഐ) കോഡ് റിവിഷ്യൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ഗവർമ്മെണ്ട് ഉത്തരവ് ആയതിനുശേഷം ആലോചിക്കാമെന്ന വച്ചിരിക്കുന്നു.

(ജെ) ഇന്ന ന.ഉ സ്കൂളുകളിൽ ഹിന്ദി ഒരു ഐച്ഛികവിഷയമായി (optional subject) പഠിപ്പിച്ചുവരുന്നുണ്ട്.

(കെ) ആലോചിച്ചുവരുന്നു.

BOAT ACCIDENTS—REPRESENTATION OF

ഡോ ന. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക സദയം മറുപടി പറയുവാൻ ദയവുണ്ടാകുമോ.—

(എ) ഹാർബറിൽ വേലക്ക പോയിരുന്ന സ്ത്രീപുരുഷന്മാർ കയറിയിരുന്ന ഏതാനും വഞ്ചികളും എറണാകുളം കായലിൽ ഈ അടുത്ത അവസരത്തിൽ മുങ്ങിയ'തിനെപ്പറ്റി കൊച്ചിൻ ഹാർബർ പോർട്ട് വർക്കേഴ്സ് യൂണിയനും മിനറൽ ഓയിൽ വർക്കേഴ്സ് യൂണിയനും പാസ്സാക്കിയയച്ചിട്ടുള്ള പ്രമേയങ്ങളുടെ കോപ്പി സദയം അച്ചടിച്ചു മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ,

(ബി) ഈ ദയനീയ സംഭവത്തെക്കുറിച്ചു കൊച്ചിൻ മെയിൽ, ദീപം, സത്യനാദം, വീരകേസരി, മലബാർ മെയിൽ തുടങ്ങിയ പത്രങ്ങളിലെ മുഖപ്രസംഗം ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ കഴിഞ്ഞ മൂന്ന വർഷത്തിനുള്ളിൽ ഇതുപോലെ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന സദയം മറുപടി പറയാമോ ;

(ഡി) ഫ. ഈ അടുത്തുണ്ടായ അപകടത്തിൽ എത്ര വഞ്ചികൾ മുങ്ങി എന്നും എത്രപേർ മരിച്ചു എന്നും എത്രപേരുടെ ശവം കണ്ടുകിട്ടിയില്ലെന്നും മറവുവല്ല വിവരവും ഗവർമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ;

ഫ. അങ്ങിനെയുള്ള വിവരം ലഭിപ്പാൻ വല്ല ശ്രമവും ചെയ്യുണ്ടായിട്ടുണ്ടോ;

(ഇ) മരിച്ചവരുടെ ആശ്രിതർക്ക വല്ല സഹായവും ഗവർമ്മെണ്ടോ ഹാർബർ അധികാരികളോ കൊടുത്തിട്ടുണ്ടോ;

(എഫ്) ഈ മാതിരി ദയനീയങ്ങളായ ദുർമ്മരണങ്ങൾ കൂട്ടമായി നടക്കാതിരിക്കുവാൻ വേണ്ടി ഹാർബർ കൂലിക്കാരെ ഐലണ്ടിലേക്ക കൊണ്ടുപോകുവാൻ വഞ്ചിക്കാലത്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

വല്ല ഏർപ്പാടുകളും പ്രത്യേകമായി ഹാർബർ അധികാരികളെക്കൊണ്ടു ചെയ്യിച്ചുകൊടുക്കുവാൻ ഗവർമ്മെണ്ടു് എന്തെങ്കിലും ശ്രമം ചെയ്തിട്ടുണ്ടോ ;

(ജി) ഈ വിഷയത്തിൽ കൊച്ചിൻ ഹാർബർ ആൻഡ് പോട്ട് വർക്കേഴ്സ് യൂണിയൻ വല്ല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവക്കു് എന്തുമറുപടി നല്കി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) പ്രമേയങ്ങളൊന്നും കിട്ടീട്ടില്ല.

(ബി) ഉണ്ടു്.

(സി) ഉവ്വോ—ഇല്ല, ഉവ്വു— ഉ, ഉവ്വോ—ഇ, ഉവ്വു ൦— ഉ.

(ഡി) ഉ. ഏഴു വഞ്ചികളും മുങ്ങുകയും രണ്ടുപേർ മരിക്കുകയുംചെയ്തു. ശവം കണ്ടുകിട്ടാതിരുന്നിട്ടില്ല.

ഇ. ഉണ്ടു്.

(ഇ) ഒരുതരം സഹായം ആവശ്യപ്പെട്ടിട്ടില്ല. ഹാർബർ അധികാരികളൊന്നും ചെയ്തുകൊടുത്തിട്ടുണ്ടോ എന്നറിവില്ല.

(എഫ്) പലേ ദിക്കുകളിൽനിന്നും വന്നുചേരുന്ന തൊഴിലാളികൾക്കു പോകുവാനുള്ള ബോട്ടു സൌകര്യങ്ങളും ഹാർബർ അധികാരികളെക്കൊണ്ടു കൊടുക്കുവാൻ സാധിക്കുകയില്ലെന്നു് അഭിപ്രായപ്പെട്ടു. ഹാർബർ ജോലിക്കാരെമാത്രം ഉദ്ദേശിച്ചു പുതിയ ചില മോട്ടോർബോട്ടു സർവ്വീസുകളും ഏർപ്പെടുത്തുകയുണ്ടായി. പക്ഷെ നടത്താൻ ആളെ കിട്ടായ്കയാൽ അവ തല്ക്കാലം നിറുത്തിവെയ്ക്കുകയാണു് ചെയ്തിട്ടുള്ളതു്.

(ജി) നിവേദനങ്ങളൊന്നും ഇവിടെ ലഭിച്ചിട്ടില്ല.

NON-OFFICIAL RESOLUTIONS

No. 1. Removal of untouchability by issue of a Proclamation

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ റസിലൂഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു് അവശസമുദായങ്ങളുടെ മാത്രം അഭിമാനത്തേയും, അവകാശത്തേയും സംരക്ഷിക്കുവാനല്ല, പൊതുവിൽ രാജ്യത്തിന്റെ അഭിമാനത്തെതന്നെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു്. അതുകൊണ്ടു് ഈ സഭയുടെ അനുവാദത്തോടുകൂടി അവശസമുദായങ്ങളുടെ അഭിമാനത്തെയെന്നു് ഞാൻ ചേർത്തിട്ടുള്ളതിനെ, രാജ്യത്തിന്റേയും, എല്ലാ സമുദായങ്ങളുടേയും അഭിമാനത്തെ സംരക്ഷിക്കുവാൻ എന്നാക്കിതിരുത്തണമെന്നാണു് എന്റെ ആവശ്യം. ഇനി ഇതു് ന്യായീകരിക്കുന്നതായിട്ടുള്ള ചില വാദങ്ങൾ മാത്രമാണു് ഞാൻ ഇവിടെ കൊണ്ടുവരുന്നതു്. എന്നാൽ ഇതിനു മുമ്പുതന്നെ ഇതിനെ സംബന്ധിച്ചു ഒരു മുഖവുരയായിട്ടു എനിക്കു് പറയുവാനുള്ളതു് അത്യാവശ്യമായിട്ടുള്ളതുകൊണ്ടു്, അയിത്തോച്ചാടനപ്രമേയം ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനു എത്രയൊ മുമ്പുതന്നെ, ഉദ്ദേശം പത്തു പതിനൊന്നു കൊല്ലങ്ങൾക്കു മുമ്പുതന്നെ അയിത്തോച്ചാടന പ്രമേയം ഈ നിയമസഭയിൽ അവതരിപ്പിക്കുകയും, പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണു്. ഇതിനു വേണ്ടി ഈ നിയമസഭയിൽ മുമ്പു മെമ്പർമാരായിരുന്നവരും, ഇപ്പോൾ മെമ്പർമാരായി തുടർന്നുപോകുന്നവരുമായിട്ടുള്ള നേതാക്കന്മാർ പലരും, റാവുസാഹിബ്ബു് കെ. അയ്യപ്പൻ അവർകളെപ്പോലെയുള്ളവർ, അയിത്തോച്ചാടനത്തിനുവേണ്ടി വളരെ ശക്തിയായിട്ടു വാദിച്ചിട്ടുണ്ടെന്നു എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. സവർണ്ണസമുദായങ്ങളിൽപ്പെട്ട അധികംപേരും ഇതിനു അനുകൂലികളാണെന്നു് എനിക്കറിയാം. പിന്നെ എന്തുകൊണ്ടാണു് ഈ അയിത്തത്തെ നിഷ്കാസനം ചെയ്യുവാൻ മഹാരാജാവു് തിരുമനസ്സിൽനിന്നും ഒരു വിളംബരം പുറപ്പെടുവിക്കുവാൻ ഇനിയും സാധിക്കാതെ വരുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഇതു് രാജ്യത്തെ പൊതുവിൽ ബാധിക്കുന്നതായിട്ടുള്ള ഒരു സംഗതിയാണു്. അയിത്തം ഈ രാജ്യത്തിനു വലിയ ഒരു വിപത്താണെന്നു ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള ചില സംഭവവികാസങ്ങൾ തെളിയിക്കുന്നുണ്ടു്. എത്രയിൽ ഈ അടുത്ത കാലത്തു് അവശസമുദായത്തിൽപ്പെട്ട പലരേയും വഴിമാറിയെന്നും, അതുപോലെ മറ്റു സ്ഥലങ്ങളിലും സവർണ്ണസമുദായങ്ങളിൽപ്പെട്ട പല ആളുകളിൽനിന്നും അധഃകൃതർക്കു് പല വിഷമതകളുമുണ്ടായിട്ടുണ്ടെന്നു പത്രദ്വാരയും, മറ്റു പ്രക്ഷോപണങ്ങളും വഴിയായും, ഗവർമ്മെണ്ടിനും, നമുക്കും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇങ്ങിനെയുള്ള പരിതസ്ഥിതികൾ ഇനിയും തുടർന്നുപോവുകയരുതെന്നാണു് ഞങ്ങളുടെ ഉദ്ദേശം. വാസ്തവത്തിൽ അധഃകൃതസമുദായങ്ങൾക്കും, മറ്റു അവശസമുദായങ്ങൾക്കും, പബ്ലിക്കു് റോഡുകളിലും മറ്റു സർക്കാർവക പണം ചിലവു് ചെയ്തിട്ടുള്ള പൊതുസ്ഥാപനങ്ങളിലും പ്രവേശനം വേണമെന്നു വാദിക്കുമ്പോൾ, അതു് അവരുടെ ന്യായമായിട്ടുള്ള ഒരു വാദം മാത്രമാണെന്നും, ഈ

LIBRARY ARCHIVES Kerala Legislative Assembly